**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 615** **24-08-2022 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ വ്യവസായ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതിയുടെ ഭാഗമായി പുതുതായി എത്ര പദ്ധതികളാണ് കോതമംഗലം മണ്ഡലത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; അവയുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (എ) | ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതിയുടെ ഭാഗമായി കോതമംഗലം മണ്ഡലത്തിൽ 971 സംരംഭങ്ങൾ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിട്ടുന്നത്. ഇതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| **ക്രമ നം.** | **ഗ്രാമ പഞ്ചായത്തിന്റെ പേര്** | **ടാർഗറ്റ് (Nos.)** |
|---|---|---|
| 1 | കവളങ്ങാട് | 134 |
| 2 | പല്ലാരിമംഗലം | 67 |
| 3 | കോട്ടപ്പടി | 81 |
| 4 | പിണ്ടിമന | 75 |
| 5 | നെല്ലിക്കുഴി | 189 |
| 6 | കീരംപാറ | 56 |
| 7 | വാരപ്പെട്ടി | 84 |
| 8 | കുട്ടമ്പുഴ | 110 |
| 9 | കോതമംഗലം മുനിസിപ്പാലിറ്റി | 175 |

| | | | |
|---|---|---|---|
| (ബി) | ടി പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ എത്ര പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ടി പദ്ധതിയുമായി ബന്ധപ്പെട്ട് ഇതു വരെ 387 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| **ക്രമ നം.** | **ഗ്രാമ പഞ്ചായത്തിന്റെ പേര്** | **നേട്ടം (Nos.)** |
|---|---|---|
| 1 | കവളങ്ങാട് | 73 |
| 2 | പല്ലാരിമംഗലം | 31 |
| 3 | കോട്ടപ്പടി | 37 |
| 4 | പിണ്ടിമന | 33 |
| 5 | നെല്ലിക്കുഴി | 77 |

| | | |
|---|---|---|
| 6 | കീരംപാറ | 23 |
| 7 | വാരപ്പെട്ടി | 20 |
| 8 | കുട്ടമ്പുഴ | 26 |
| 9 | കോതമംഗലം മുനിസിപ്പാലിറ്റി | 67 |

| | | | |
|---|---|---|---|
| (സി) | സംരംഭം ആരംഭിക്കുന്നതിന് മുന്നോടിയായുള്ള ലോൺ സബ്സിഡി മേളകൾ മണ്ഡലത്തിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ലോൺ സബ്സിഡി മേളകൾ കോതമംഗലം മണ്ഡലത്തിലെ മുഴുവൻ പഞ്ചായത്തിലും പൂർത്തീകരിച്ചു. |
| (ഡി) | ഏതെല്ലാം തരത്തിലുള്ള സംരംഭങ്ങൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ഡി) | മാനുഫാക്ച്ചറിംഗ്, ട്രേഡിംഗ്, സർവ്വീസ് വിഭാഗത്തിൽ വരുന്ന സംരംഭങ്ങൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ഇ) | കോതമംഗലം മണ്ഡലത്തിൽ കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | എല്ലാ ഗ്രാമപഞ്ചായത്തിലും ഇന്റേൺസിനെ നിയമിക്കുകയും രജിസ്ട്രേഷൻ, ലൈസൻസ് നടപടികൾ ത്വരിതഗതിയിൽ പൂർത്തീകരിക്കുന്നതിനായി താലൂക്ക് വ്യവസായ ഓഫീസിൽ റിസോഴ്സ് പേഴ്സണെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സംരംഭകർക്ക് വ്യവസായ വകുപ്പ് ഉൾപ്പെടെയുള്ള മറ്റ് വകുപ്പുകളുടെ പദ്ധതികൾ വിശദീകരിച്ചു കൊണ്ടുള്ള ജനറൽ ഓറിയന്റേഷൻ പരിപാടികൾ നടത്തിയിട്ടുണ്ട്. കൂടാതെ ലോൺ/ലൈസൻസ്/സബ്സിഡി മേളകളിൽ വിവിധ ബാങ്കുകളുടെ മാനേജർമാർ വായ്പ പദ്ധതികളെക്കുറിച്ചും ലോൺ നടപടികളെക്കുറിച്ചും വിശദീകരിക്കുകയുണ്ടായി. സംസ്ഥാന തല ബാങ്കേഴ്സ് കമ്മിറ്റി വഴി നടപ്പിലാക്കുന്ന പുതിയ വായ്പാ പദ്ധതിയും അതിനോടൊപ്പം വ്യവസായ വകുപ്പ് വഴിയുള്ള പലിശ സബ്സിഡിയും വഴി കൂടുതൽ സംരംഭകരെ ആകർഷിക്കുന്നതാണ്. അതോടൊപ്പം സംരംഭകർക്ക് ബോധവൽക്കരണം നൽകുന്നതിന്റെ ഭാഗമായി പഞ്ചായത്ത്തലത്തിൽ ഹെൽപ്പ് ഡെസ്ക് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ